

# സർഗ

ഗവ:എച്ച് .എസ് .എസ് കുടമാളൂർ

# സന്ദേശം

"സർഗാത്മകതയുടേയും സാങ്കേതിക വിദ്യയുടേയും ഏകോപനം- **'സർഗ' (**ഡിജിറ്റൽ മാഗസിൻ**).** ഇതിനുവേണ്ടി പ്രവർത്തിച്ച ലിറ്റിൽ കൈറ്റസ് അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ. ജീവിതായോധനത്തിന് ഈ മികവുകൾ സന്ദേശമായി ഉൾക്കൊള്ളാൻ തലമുറകൾക്ക് കഴിയട്ടെ."

സ്നേഹപൂർവ്വം

ജാൻസി ജോർജ്

(ഹെഡ്മിസ്ട്രസ്,GHSS കുടമാളൂർ)

# ആമുഖം

കുട്ടികളുടെ സ്വതന്ത്രമായ വായനയ്ക്കും ചിന്തയ്ക്കും സർഗാത്മകാവിഷ്കാരങ്ങൾക്കും വിദ്യാഭ്യാസത്തിൽ എക്കാലത്തും സുവർണാവിഷ്കാരങ്ങൾ ഉണ്ടായിരുന്നു. വരകൾ, വർണങ്ങൾ, പുസ്തകങ്ങൾ ഇവ ആ അവസരവിനിയോഗത്തിനുള്ള മാധ്യമങ്ങളാണല്ലോ. കുരുന്നു ഭാവനകൾ-കൈയ്യെഴുത്തുമാസികകളായ്, പ്രിന്റഡ് മാഗസിനുകളായ്- വിരിഞ്ഞകാലം വിദൂരമല്ലാതെ പിന്നിലുണ്ട്. ഇപ്പോഴിതാ ഹൈടെക് വിദ്യലയത്തിൽ- ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ആ സ്വപ്നവും പൂവണിയിച്ചിരിക്കുന്നു. 'സർഗ-2018' ഡിജിറ്റൽ മാഗസിൻ.

വിടർന്ന ഭാവനകൾ ചിറകുവിടർത്തുമ്പോൾ , അനന്തവിഹായസ്സിലേക്ക് പറക്കാൻ ഈ ഡിജിറ്റൽ യുഗം തുണയ്ക്കട്ടെ. നമുക്കു പറക്കാം- വേഗത്തിൽ, അതിദൂരത്തിൽ- വിജ്ഞാനത്തിന്റെ, സാഹിത്യത്തിന്റെ ലോകത്തിലേക്ക്.

രതീദേവി. എം. പി
HST മലയാളം (കൈറ്റ് മിസ്ട്രസ്സ്)
ജി.എച്ച്.എസ്.എസ്. കുടമാളൂർ

# എഡിറ്റോറിയൽ

പാഠപുസ്തകങ്ങളിലെ കുത്തിനിറച്ച അറിവിനെ പഠിക്കലല്ലാ വിദ്യാഭ്യാസം എന്ന് വളരെ മുൻപുതന്നെ പണ്ഡിതൻമാർ പറഞ്ഞിട്ടുണ്ട്. പാഠപുസ്തകങ്ങൾ പഠനോപധികളിൽ ഒന്നു മാത്രമാണെന്നും, ഒന്നാമത്തേത് ഇന്റർനെറ്റും വിശകലനത്തിന് വിവിധ സോഫ്റ്റ് വെയറുകളും ആകുന്നകാലം വിദൂരമല്ല. ഇതിനുവേണ്ടി ധ്രുതഗതിയിലുള്ള മാറ്റങ്ങളാണ് ഹൈടെക്ക് വിദ്യാലയങ്ങളിലെ സ്മാർട്ട് ക്ലാസ്സ് റൂമുകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്

ഇതിനുപരിയായി വിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ്സ് യൂണിയനുകൾ ആരംഭിച്ചതോടെ ഐ.ടി പഠനത്തിന്റെ അനന്തസാധ്യതകൾ നമ്മുടെ കുട്ടികൾ സ്വായത്തമാക്കിവരുന്നു. കൈയ്യെഴുത്തുമാസികകൾ, സ്കൂൾ മാഗസീൻ എന്നിവയുടെ രൂപവൽക്കരണ രീതി തന്നെ മാറിവരുന്നു. 'ഡിജിറ്റൽ മാഗസീൻ' എന്നത് ഒരു സ്വപ്നം മാത്രമല്ല, പച്ചയായ യാഥാർഥ്യം എന്ന് ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ ഇതാ സാക്ഷ്യപ്പെടുത്തുന്നു.

മനുഷ്യസാധ്യമായതെന്തും മനുഷ്യനേക്കാൾ വേഗതയിലും കൃത്യതയിലും ചെയ്യാൻ കംമ്പ്യൂട്ടറിനു കഴിയും എന്ന സത്യം നാം അംഗീകരിച്ചേ പറ്റൂ.

ഗീത.കെ.ജി
HST മാക്സ്[കൈറ്റ് മിസ്ട്രസ്]
ജി.എച്ച്.എസ്.എസ്.കുടമാളൂർ

# ഉള്ളടക്കം


- അമ്മ (കവിത) 7
- ഈശ്വരസന്നിധിയിലെ പൊരുൾ (കവിത) 8
- സ്നേഹത്തിന്റെ കണ്ണുനീർ (കഥ) 9
- എന്റെ ഗ്രാമം (കവിത) 10
- സ്നേഹം (ചെറുകഥ) 11
- ഇന്നോളമില്ലാ പ്രളയക്കെടുതി (കവിത) 12
- ട്രഷർ ഓഫ് വാട്ടർ (കഥ) 13
- എന്റെ മലയാളം (കവിത) 14
- പ്യാരീ മാം (കവിത) 15
- മർമരം (കവിത) 16
- ഓർമ്മയുടെ പുഴയിൽ (കഥ) 18
- വാഴ (കവിത) 19
- എന്റെ സ്വപ്നം വെറും ഓർമ്മയായ് (കഥ) 20
- വിക്കീപീഡിയ (ലേഖനം) 21
- ഓണം പൊന്നോണക്കാലം (കവിത) 22
- സാക്ഷി (കഥ) 23
- പൂക്കളുടെ തൃക്കാക്കരയാത്ര (കവിത) 25
- ലേഖനം 26
- മഴപ്പാട്ട് (കവിത) 29

- കുട്ടിത്തം (കവിത) 30
- പരീക്ഷ (കഥ) 31
- യാത്ര (കവിത) 33
- 15-ന്റെ മരണം (കഥ) 35
- മഴമുഴക്കി വേഴാമ്പൽ (കവിത) 37
- പഴഞ്ചൊല്ലുകൾ 38
- നന്ദിയുടെ കണ്ണുനീർ (കഥ) 40
- ചെറുകഥ 42
- ഇനിയൊരു ജന്മം (കവിത) 44
- ഫ്രീ ഓപ്പറേറ്റിംഗ് സിസ്റ്റം (ലേഖനം) 45
- കൃഷിക്കാരനും മക്കളും (കഥ) 47
- ദൈവത്തിന്റെ സഹായം (കഥ) 48
- കോടമഞ്ഞിന്റെ നാട്ടിലേക്ക് (യാത്രാവിവരണം) 49
- സ്കൂൾ ശതോത്തര സുവർണ ജൂബിലി (ഓർമ്മച്ചെപ്പ്) 50

# അമ്മ

പേറ്റുനോവറിഞ്ഞൊരീറ്റില്ലത്തിൽ

വന്നു ഞാൻ ഇന്നൊരീറൻ പൈതലായ്

കണ്ണുനിറഞ്ഞു അമ്മതൻ സവിധേ

കൈകാലടിച്ചുഞാൻ കിടക്കവേ

വാരിയെടുത്ത്, എൻ കവിളിൽ

ഉമ്മ തന്നു എൻ അമ്മ

അന്നുതൊട്ട് ഇന്നോളം

തന്നതില്ല സ്നേഹമല്ലാതൊന്നും...

എനിക്കോ ആ സ്നേഹവായ്പ്

തിരിച്ചുകൊടുക്കുവാൻ സാധിച്ചതുമില്ല

ഞാനിന്നോ ഗൃഹസ്ഥയായ്, എങ്കിലും

ആ സ്നേഹവായ്പിനു മുന്നിൽ

നിസംഗയായ് നിന്നു നിസംശയം

എൻ കരതാരിൽ കിടക്കും

അമ്മ,തൻ ചുണ്ടത്തു കണ്ടുഞാൻ

ഒരു പരിഹാസ പുഞ്ചിരി.

- അനുഷ പ്രകാശ്
ക്ലാസ് : 9

# ഈശ്വരസന്നിധിയിലെ പൊരുൾ

ജയിപ്പതില്ല അനീതി കാട്ടിയാൽ

അവിശ്വാസം വെച്ചുപുലർത്തിയാൽ

അനുഷ്ടിക്കണം ആചാരങ്ങൾ

പഴമപ്പൊരുളിനെ വണങ്ങി.

ദൈവമാണ് :ഊഴി കാക്കുന്നോൻ

കൊള്ളയടിക്കരുത് ഭക്തിയെ

മലകയറണ്ടത് വിശുദ്ധിയോടെ

അശുദ്ധ മനസ്സ് വെടിഞ്ഞ്

അക്രമകേന്ദ്രമാക്കരുത് ആരാധനാലയം

ആചാരങ്ങളിലെ ശരി അറിയേണ്ടേ

മരണമണയുന്ന നേരത്തും

നാവിൻതുമ്പത്തെത്തുന്ന

മൂന്നക്ഷരമാം -ദൈവം

പക്ഷേ അവിശ്വസനീയമി- നിരീശ്വരവാദിത്വം

കാലക്രമേണ ആചരിക്കുന്ന സത്യം

ഭേദിക്കരുത് അനുഷ്ഠാനങ്ങൾ

സമർപ്പണം നിറമിഴികളാർന്ന പ്രാർത്ഥന

ഭക്തന്റെ സമ്മാനം

സ്ത്രീ പ്രവേശനം തെറ്റ്

അയ്യപ്പസ്വാമി വാഴും ശബരിമലയിൽ

അന്ധവിശ്വാസമില്ലിത്,

ഈശ്വരസന്നിധിയിലെ പൊരുൾ

-പാർവ്വതി അശോക്
ക്ലാസ്സ് : 8

# സ്നേഹത്തിന്റെ കണ്ണുനീർ

മഞ്ഞുതുള്ളുകൾ സസ്യത്തലപ്പുകളെ കിരീടമണിയിക്കുന്ന രാത്രി. വണ്ടിയിടിച്ച് ആശുപത്രിയിൽ അവളെ പ്രവേശിപ്പിച്ചിട്ട് രണ്ട് ദിവസമായി. ഐസിയു-വിനു പുറത്ത് അവളുടെ അച്ഛനമ്മമാരും മുത്തശ്ശിയും നിൽപ്പുണ്ട്. രണ്ട് ദിവസത്തെ ദീർഘമായ ഇടവേളയ്ക്ക് ശേഷം ആ ഏഴാം ക്ലാസ്സുകാരി കണ്ണുതുറന്നത് ഇന്നാണ്. അവൾ കൈവിരലുകൾ മെല്ലെ ചലിപ്പിച്ചു. സന്തോഷ വാർത്തയറിഞ്ഞ ബന്ധുക്കൾക്ക് ആശ്വാസമായി. അവളെ വണ്ടിയിടിച്ച വാർത്തയറിഞ്ഞ് വിഷമിച്ചിരുന്ന കുട്ടികളോട് അവൾക്ക് ബോധം വീണ കാര്യം ടീച്ചർ അറിയിച്ചു. സാമാധാനത്തോടെയും തെല്ല് വിഷമത്തോടെയും നിറകണ്ണുകളാൽ അവർ അവളുടെ ഇരിപ്പിടത്തിലേക്ക് നോക്കി.

ഐസിയുവിൽ അവൾക്കു ചുറ്റും ഡോക്ടർമാരുണ്ടായിരുന്നു. അവളുടെ വലതുകൈ മെല്ലെയുയർന്നു. മുറിയുടെ ഒരു കോണിലേക്ക്, അവിടെയുണ്ടായിരുന്ന ചോരനിറഞ്ഞ നീലബാഗിലേക്ക് അവൾ വിരൽചൂണ്ടി. കണ്ണുകളിൽ നിന്ന് കണ്ണുനീർ മുത്തുകളായി പൊഴിഞ്ഞു. ആ കാഴ്ച ഡോക്ടർമാരുടേയും കരളലിയിച്ചു. അവൾ എന്തോ പറയാൻ തുടങ്ങവേ , ഒരു നിമിഷം, സ്കൂൾബാഗിനു നേരെ ചൂണ്ടിയ കൈ താഴേക്കു പതിച്ചു. അവ നിശ്ചലമായി. ചുവന്നു കലങ്ങിയ കണ്ണുകളിൽ കൃഷ്ണമണികൾ അനക്കമറ്റു. അവളുടെ ശ്വാസം നിലച്ചു. ഡോക്ടർമാർ നിസ്സഹായരായി നിന്നു. മരണവാർത്തയറിഞ്ഞ് അച്ഛനമ്മമാർ നിലവിളിച്ചു കരഞ്ഞു. ബാഗിലേക്ക് അവസാനമായി അവൾ വിരൽചൂണ്ടിയതറിഞ്ഞ് അധ്യാപകർ എന്തിനോ സങ്കടം അടക്കിപ്പിടിച്ചു. അത്രത്തോളം അവൾ പുസ്തകങ്ങളെ സ്നേഹിച്ചിരുന്നു എന്നവർക്കറിയാമായിരുന്നു. പ്രിയ കൂട്ടുകാരിയുടെ മരണവാർത്തയറിഞ്ഞ് കുട്ടികൾ സ്തബ്ദരായി. അവൾ അവരെ വിട്ടുപോയെന്ന് പലർക്കും വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇടയ്ക്കവിടെ ഒരു തേങ്ങലിന്റെ ശബ്ദം പടർന്നു. അതെ, അവൾ മരണമടഞ്ഞിരിക്കുന്നു.സ്നേഹത്തിന്റെ കണ്ണുനീർ കാണാതെ.

-പൂജഅനീഷ്

ക്ലാസ് : 7

# എന്റെ ഗ്രാമം

നല്ലൊരു നാളേക്കായ് നമുക്കൊരു

സ്വർഗ്ഗം തീർക്കാം ഈ മണ്ണിൽ

പ്രകൃതി നമുക്കായ് കനിഞ്ഞു നൽകിയ

മാവുകൾ പ്ലാവുകൾ നട്ടീടാം

പച്ചപ്പെങ്ങും നിറഞ്ഞു നിൽക്കണം

ദൈവത്തിൻ സ്വന്തം മണ്ണിൽ

പണ്ടത്തെപ്പോൽ വയലും പുഴയും

കാടും മലയും കാത്തീടാം

ആതിര.ദിലീപ്
ക്ലാസ്സ് : ૧

# സ്നേഹം

രാവിലെ ഉറക്കമുണർന്നു ഉമ്മറത്തേക്ക് വന്നപ്പോൾ അമ്മു ഒരു കാഴ്ച്ചകണ്ടു. മുറ്റത്തെ റോസാച്ചെടിയിൽ അതാ ഒരു ചുവന്ന റോസാപ്പൂ!

'ഹായ്!' അമ്മു സന്തോഷത്തോടെ അതിന്റെ അടുത്തേക്ക് ഓടിച്ചെന്നു. 'ഇന്ന് ഈ പൂവും ചൂടി വേണം പോകാൻ' ഇങ്ങനെ വിചാരിച്ച് അമ്മു റോസാപ്പൂ പറിക്കാനായി കൈ നീട്ടി. പെട്ടെന്ന് അവളുടെ കൈയിൽ ഒരു മുള്ള് തറഞ്ഞു കയറി. “ഹയ്യോ!”. അവൾ നിലവിളിച്ചുകൊണ്ട് അമ്മയുടെ അടുത്തേക്ക് ഓടിച്ചെന്നു. അമ്മ വേഗം മുള്ള് വലിച്ചൂരിക്കളഞ്ഞിട്ട് മുറിവിൽ മരുന്നു വെച്ചു കൊടുത്തു. എന്നിട്ട് അവളെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു."ഏതൊരമ്മയും മക്കളെ ആപത്തിൽ നിന്ന് രക്ഷിക്കാൻ ശ്രമിക്കും ". “റോസാപ്പൂവിന്റെ അമ്മയല്ലേ ആ ചെടി? അതിന്റെ അമ്മയും അങ്ങനെ തന്നെ ചെയ്തതാണെന്ന് കരുതിക്കോളൂ. മോൾക്ക് മുറിവ് പറ്റിയപ്പോൾ അമ്മ മരുന്നുവെച്ച് തന്നില്ലേ? അതുപോലെ ”

അമ്മ പറഞ്ഞതുകോട്ട് അമ്മുവിന് റോസാപ്പൂവിനോട് പാവം തോന്നി. ഇനിയൊരിക്കലും പറിച്ചുകളയില്ല എന്ന് അവൾ മനസ്സിൽ തീരുമാനിക്കുകയും ചെയ്തു.

-ഹാരിസ് ഹുസയിൻ

ക്ലാസ് : 9

# ഇന്നോളമില്ലാ പ്രളയക്കെടുതി

ഇന്നോളമില്ലാ പ്രളയക്കെടുതിയെ

കൺമുന്നിൽ കണ്ടു കേരളജനത.

ആർത്തുലച്ചെത്തി പേമാരി ഒപ്പമേ

കുടം കണക്കിന് വെള്ളവുമായി

കരകവിഞ്ഞു ജലാശയങ്ങളും

ഗതി മാറിയൊഴുകി പുഴകളും

പാഞ്ഞുകയറി ജലം, കരയിലേക്ക്.

പുഴയൊഴുകി വഴിയിലൂടെ!

മുങ്ങിപ്പോയി മാളികവീടുകൾ, ക്ഷേത്രങ്ങൾ

ഒലിച്ചുപോയി വാഹനങ്ങൾ, പാലങ്ങൾ

പൊട്ടി ഉരുളും പല പ്രദേശങ്ങളിൽ

പൊലിഞ്ഞു ജീവനുകൾ ഏറെയും

കേണപേക്ഷിച്ചു മനുഷ്യരെല്ലാം,

അമൂല്യ ജീവനുകൾ കാക്കാനായ്

'ദൈവത്തിൻ നാടെ'ന്ന് വാഴ്ത്തിപ്പാ-

ടിയ കേരളത്തിന്നവസ്ഥ ഇന്നെന്താവോ?

ഏറ്റു ശിക്ഷ നാടിൻ മക്കൾക്ക്

ഇതൊരു പ്രകൃതിതൻ

പാഠം മാത്രം.

- പാർവതി അശോക്

ക്ലാസ് :8

# TREASURE OF WATER

Once there was a small village like a desert. There were no water for the daily purposes of the villagers. They had to travel a long distance to get water.

One day, a stranger arrived on the village. He was a traveller, who lost his way. He look around the village. Dried plants; no greenery can see there.

Suddenly he see a group villagers walking towards him with pots on their hands. The stranger told them to dig a well. None of the villagers can believe his words. But, the children in the village wanted to make the village green. So, the traveller began to work with the help of children and in four moths they digged a well with plenty of water. It was a new knowledge for the villagers that there was water under grounds. They thanked the stranger and they began to work hardly to make more wells. At last they did it. They happily drinked the water formed from their hard work. They get the treasure of water and they helped the traveller to go back to his city. Pretty soon, the village become more beautiful with plants and trees.

-POOJA ANISH
Class : 7

# എന്റെ മലയാളം

സംസാര ഭാഷയായ് ഉത്സാഹഭാഷയായ്

വ്യക്തിത്വ ഭാഷയായ് മലയാളം!

നമ്മുടെ നാട്ടിലങ്ങോളം പടർന്നൊരു

ശീതള ഭാഷയാം മലയാളം!

ഗ്രന്ഥങ്ങൾ തന്നിൽ നിറഞ്ഞു

കവിയുന്ന അറിവിന്റെ

ഭാഷയായ് മലയാളം!

ഗ്രാമീണ ഭാഷയായ്, സംസ്കാര ഭാഷയായ്

മാധുര്യഭാഷയായ് മലയാളം!

സാഹിത്യ ഭാഷയായ്, ദ്രാവിഡ ഭാഷയായ്

രാജാവായ് വാഴും എൻ മലയാളം

-അജീന പ്രസാദ്

ക്ലാസ് : 9

# प्यारी माँ

भगवान का दूसरा रूप है माँ
माँ बिन जीवन है अधूरा
खालि खालि सुना – सुना
खाने पहले हमें खिलाली
बाद में वह खुद हे खाली
हमारी खुशी में खुश हो जाती
दुःख में हमारे आंसु बहाती
कितने खुसमसीब है हम
पास हमारे माँ
पास हमारे माँ
होते बदनसीब वे कितने
जिनके पास न होती माँ।

–नित्या मोल एन. के

कक्षा :10

# മർമ്മരം

മഴപെയ്ത് തോർന്ന നേരത്ത് ഞാനെന്റെ

ഉമ്മറക്കോലായിൽ നോക്കിനിന്നു.

തുള്ളികളിറ്റിറ്റു വീഴുന്ന നേരത്ത്

കണ്ടുഞാൻ ലോകമാ കുമിളകളിൽ

ആകാശ മേലാവിൽ ഓട്ടുമാ

കാർമേഘ നിഴലും തെളിഞ്ഞുവന്നു

ഒരിക്കലും പോവില്ലെന്നറിഞ്ഞൊരാ കുമിളകൾ

ക്ഷണനേരം കൊണ്ടു പോയ്മറഞ്ഞു

ഇനിയും വരുന്നൊരാ ഭ്രമിതൻ കാഴ്ചക്കായ്

ഞാനീ കോലായിൽ കാത്തുനിൽപ്പൂ.

- അഭിരാമി. എ. നായർ

ക്ലാസ് : 9

# ഹരിതോത്സവം - 2018 ജില്ലാതല ഉദ്ഘാടനം







# ഓർമ്മയുടെ പുഴയിൽ

ഇന്നും സമയത്തിന്റെ കാലുകൾ നിർത്താതെ ഓടുകയാണ്. ജീവിതത്തിന്റെ അഗ്നിപർവതത്തിൽ മനസ്സ് ചുട്ടുപഴുക്കുകയാണ്. വീട്ടിലെ ജോലികൾ കഴിഞ്ഞു. ഇനി കമ്പ്യൂട്ടറുകളുമായി മല്ലിടാൻ ഓഫീസിലേക്ക്. സമയം എട്ടുമണി. അവൾ ജാലകത്തിലൂടെ പുറത്തേക്ക് നോക്കി. കളിയും ചിരിയുമായി സ്കൂളിലേക്ക് പോകുന്ന കുട്ടികൾ. ഒരു നിമിഷം അവളുടെ ചിന്തകൾ ഭൂതകാലത്തിലേക്ക് പാഞ്ഞു. സമയം എത്രപെട്ടെന്ന് പിന്നോട്ട് പോയി; ഇപ്പോൾ അവളുടെ മനസ്സ് ക്ലാസ്സ് റൂമിലാണ്. ഇന്നവൾക്ക് മുപ്പത് വയസ്സുകഴിഞ്ഞിരിക്കുന്നു. പത്താം ക്ലാസ്സിൽ പതിനഞ്ചാം വയസ്സിൽ പിരിഞ്ഞതാണ് പ്രിയ സുഹൃത്തുക്കളെ. വിജയാഘോഷത്തിനാണ് അവസാനമായി കണ്ടതും ഒരുമിച്ച് കളിച്ചതും. ടീച്ചർമാർ കാണാതെ പുസ്തകത്താളുകൾക്കിടയിൽ വച്ച് നോവലുകൾ വായിച്ചതും, നോട്ടുബുക്കുകൾ കൈമാറിയതും, ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് ഫുട്ബോൾ കളിച്ചതും, തൊട്ടുപിടിത്തം കളിച്ചതും... അങ്ങനെ എത്രയോ രസകരമായ ഓർമ്മകൾ. ക്രിക്കറ്റ് കളിച്ചപ്പോൾ പന്ത് സ്കൂൾ ജനാലയിൽ ഇടിച്ച് ഗ്ലാസ്സ് പൊട്ടിയതിന് ക്ലാസ്സിനു പുറത്തു നിർത്തിയതും, കള്ളം പറഞ്ഞിട്ട് ന്യായം നിരത്തി ടീച്ചർമാരെ ചിരിപ്പിച്ചതും, വർണ്ണക്കടലാസിന്റെ ഉടുപ്പണിഞ്ഞ മിഠായികൾ നുണയാനും, പലനിറത്തിലുള്ള ഐസുകളുമായി ബെല്ലടിച്ചെത്തുന്ന സൈക്കിളിന്റടുത്ത് ആദ്യമെത്താൻ മത്സരിച്ചതും... അങ്ങനെ ചിന്തകൾ ഈയാംപാറ്റകളെപ്പോലെ ഉയർന്നു പൊങ്ങിക്കൊണ്ടിരുന്നു. അവൾ സ്വയം മറന്ന് സന്തോഷിച്ചിരുന്നു. പെട്ടെന്ന് ആ സ്വപ്നത്തെ മുറിച്ചുകളഞ്ഞ് ഫോൺ ബെല്ലടിച്ചു. അവൾ ഒന്നു ഞെട്ടി; ഘടികാരത്തിൽ സമയം പത്തുമണി. ബാല്യത്തിന്റെ മധുരം നിറയും ഓർമ്മകൾ നുണയാൻ കഴിയാത്തതിൽ അവളുടെ മനസ്സ് വേദനിച്ചു. എങ്കിലും എല്ലാ വേദനകളും ഒളിപ്പിച്ച് അവൾ ബാഗെടുത്തു. ഓഫീസിലേക്ക് പോകാനൊരുങ്ങി. വീടു പൂട്ടി ബസിൽ കയറുമ്പോൾ അവളോർത്തു; ഈ ജീവിതം എത്ര ക്രൂരയാണ്!...

–പൂജ അനീഷ്

ക്ലാസ്: 7

# വാഴ

വാഴപ്പഴം തിന്നാൻ
ആശിച്ചു ഞാനൊരു
വാഴത്തൈ വാങ്ങി കുഴിച്ചുവച്ചു.
ഓരോ ദിവസവും
ഞാനതിൻ ചോട്ടിൽ, ഓരോ
കൈക്കുമ്പിൾ വെള്ളമൂറ്റി.
വേനലും വർഷവും
ആ വാഴക്കന്നിനെ
ആവതുപോലെ പരിചരിച്ചു.
വാഴകുലച്ചത് കാണുവാൻ എന്നുടെ
കൂട്ടുകാരെല്ലാരും ഒത്തുകൂടി.
ഞങ്ങളുമിങ്ങനെ, ഓരോ
കൃഷി ചെയ്യുമെന്നറിയിച്ചവർ
യാത്രചൊല്ലി.....

-പാർവതി അശോക്

ക്ലാസ് : 8

# എന്റെ സ്വപ്നം വെറും ഓർമ്മയായ്

ഉഷസ്സ് ഉണർന്നിരിക്കുന്നു. കാട്ടുപൂക്കൾ പതുക്കെ തല ഉയർത്തുന്നു. സൂര്യനിൽ വെളിച്ചം ഭൂമിയിൽ അലയടിക്കാൻ അരംഭമാക്കുന്നു. വൃക്ഷതലങ്ങൾ ആദിത്യനെ വരവേൽക്കുന്നു. ശഭളാഭമായ പ്രകൃതിയെ പുതിയ ഒരു നവോത്ഥാനത്തിലെത്താൻ പുതിയ പുലരി പിറന്നിരിക്കുന്നു. പുലരിക്കൊപ്പം സ്വപ്നം ഉണർന്നിരിക്കുന്നു. ഉടൻ അവൾ വാതിൽ തടത്തിലേക്ക് ഓടി പുണ്യമായ പ്രകൃതിയിലേക്ക് താൻ നട്ടുവച്ച മുല്ലച്ചെടിയുടെ അടുത്തേക്ക് ഉടൻ അമ്മേ..... എന്നൊരു വിളി. എന്താണു മകളെ സ്വപ്നം അമ്മേ എന്റെ സ്വപ്നങ്ങളിലൊന്നായ മുല്ലമൊട്ടിട്ടു അമ്മേ എന്റെ സ്വപ്നം സക്ഷാത്കരിക്കാൻ പോവുകയാണ്. ഞാൻ ആഗ്രഹിച്ചു വാങ്ങിയ മുല്ലചെടിയിൽ മുല്ലമൊടിരിക്കുന്നു. അച്ഛൻ ഇത് കാണുമ്പോൾ സന്തോഷിക്കും. അമ്മേ ഇന്ന് ഞാൻ ഇതിന് വെള്ളം ഒഴിച്ചുകൊള്ളാം ഇന്ന് നീ ഒത്തിരി വെള്ളം കുടിചോ നാളെ സൂര്യന്റെ വലുപ്പമുള്ള ചന്ദ്രനിൽ ശോഭയുള്ള ഒരു പൂ നീ എനിക്കു നൽക്കണം. സ്വപ്നത്തിൽ കവിൾ തടം തിളങ്ങി അവളുടെ പുഞ്ചിരിയിൽ മുത്തു മണിക്കൾ തിളങ്ങി ഹൃദയക്കിൽ കാവ്യ ശൈലിയിൽ രൂപാന്തരപ്പെട്ടു മറ്റു പൂക്കൾ ഈ സ്വപ്നങ്ങൾ സാക്ഷാകാരത്തിനായി കാത്തു നിന്നു. സൂര്യനീ പൂവിൻ പുഞ്ചിരിക്കായി നോക്കി നിന്നു. പതുക്കെ പതുക്കെ ആ മൊട്ടിൽ ചുണ്ടു വെളുത്തു വെളുത്തു വന്നു. പിറ്റേ ദിവസം അവൾ വന്നു നോക്കി ,ദുഃഖത്തിനൊപ്പം ആ പ്രക്രുതിയും മറ്റു ചെടികളെ ഒപ്പം നിന്നു.

വിഷ്ണു എം

ക്ലാസ് : 9

# Wikipedia

Wikipedia is an online encyclopedia. The Name Wikipedia is the mixed sound of the terms Wiki and Encyclopedia. This is a join venture for making a free and complete encyclopedia in all Languages. This project work with the support of a voluntary organisation, Wikimedia foundation . The content in the Wikipedia will always be independent and free of cost. The article in the Wikipedia are prepared by serviceminded user all over the world who are working voluntarily and collaboratively.

An American, named Ward cunningham is the person who initiated the concept of Wiki and developed the software . Using the software Wiki Wiki Web developed by him in 1994., the website WWW. C2. Com is established on 25th march 1995. Wiki means website which give freedom and facility to add, delete and modify any information by any user. Since adding information in Wiki is very easy, Wiki became a fine means for collaborative Writing. The word Wiki is also user to denote software which provide facility for making notes, article and other writings through a collaborative effort.

Jimmy Wales and Larry Sanger started the project Wikipedia on 15th January 2001. According to 2015 statistics, Wikipedia has edition in more than 280 languages. The English edition was produced under their leadership. Wikipedia has editions in 20 Indian languages including Malayalam.

# ഓണം പൊന്നോണക്കാലം

ആർപ്പുവിളികളും കുരവയുമിട്ട്

ഓണക്കാലം വരവായി

പൂവറുത്തുകൊണ്ട് പൂക്കളമിട്ടു ഞാൻ

ഓണത്തപ്പനെ വരവേൽക്കാൻ

തുമ്പപ്പൂച്ചോറും ഇലയിൽ പലതരം കറികളും

പായസവും ഓണസദ്യയും കേമം

കൈകൊട്ടി കളികളും ഊഞ്ഞാലാട്ടവും

പുലികളിയായിട്ടങ്ങോണം

പൊന്നോണക്കാലം

-ഭാവന എസ്

ക്ലാസ് : 9

# സാക്ഷി

ആൾത്തിരക്കുകളുള്ള ഒരു വീഥിയിൽ... ചോരപൊടിയുന്ന സ്ഥലം. ഒരു ദിവസം ആൾതിരക്കൊഴിഞ്ഞ ആ രാത്രയിൽ, വികൃതവും ക്രൂരവുമായ ആ മുഖങ്ങൾ, കൈയിൽ മൂർച്ചയേന്തിയ വാളുകൾ. ഒരു വണ്ടിയിൽ വന്നിറങ്ങുന്ന, പണത്തിനു വേണ്ടി മാത്രം ജീവിക്കുന്ന കുറേ ഗുണ്ടകൾ. വിനു അച്ഛനോടു ചോദിക്കുന്നു, “അച്ഛാ അച്ഛാ, എനിക്ക് മാമ്പഴം വാങ്ങി തരാമോ...കൊതിയാകുന്നു”. കുട്ടിയുടെ വിനയാന്വിതമായ പെരുമാറ്റവും സങ്കടവും കണ്ട് ആ രാത്രിയിൽ അച്ഛൻ മാമ്പഴം വാങ്ങാൻ പോയി. അപ്പോൾ അതാ ഒരു പഴക്കട. അച്ഛൻ കീറിപ്പോയ ആ പേഴ്സിൽ നിന്ന് മുപ്പത് രൂപ എടുത്തു. “ചേട്ടാ, മുപ്പത് രൂപയ്ക്ക് മാമ്പഴം തരാമോ?”"പറ്റില്ല. മുപ്പത് രൂപയോ. താങ്കൾ എന്താണ് പറയുന്നത്.വേണമെങ്കിൽ രണ്ടു മാമ്പഴം തരാം”. "മതി”.കാർക്കശ്യത്തോടെ കടക്കാരൻ രണ്ടു മാമ്പഴം എടുത്തു കൊടുത്തു. തിരിച്ചിറങ്ങുന്ന ആ പാതയിൽ അയാൾ സ്തംഭിച്ചു നിന്നു. അയാൾ കൈവിരൽ നെഞ്ചോടുചേർത്തു. വാർന്നൊഴുകുന്ന ചോര. അച്ഛൻ, കുത്തിയവാൾ വലിച്ചൂരി.കടയിൽനിന്ന കടക്കാരനും ഒരു വഴിയാത്രകനും ആ

കാഴ്ചകണ്ട് സ്തബ്തരായി. പോലീസിന്റെ വണ്ടിയൊച്ച കേട്ടകുത്തിയവർ ഓടി രക്ഷപ്പെട്ടു. പോലീസ് അയാളെ ആശുപത്രയിലെത്തിച്ചു. പോലീസ് കടക്കാരനോടു ചോദിച്ചു: "താൻ കണ്ടോ, ആരാ ഇയാളെ കുത്തിയത്?"

"അറിയില്ല സാറെ ഞാൻ കണ്ടില്ല". പഴക്കടക്കാരൻ പറഞ്ഞു.ദൃക്സാക്ഷിയായ അപരിചിതൻ പറഞ്ഞു."ഞാൻ കണ്ടു സാറെ".

"നിങ്ങൾ എന്റെ കൂടെ വരൂ. തത്കാലം ഒപ്പിട്ടിട്ട് പൊയ്ക്കോളൂ. വിളിക്കുമ്പോൾ വരണം." പൗരുഷത്തോടെ അയാൾ പോലീസ് സ്റ്റേഷനിൽ നിന്നറങ്ങി.

അന്ന് രാത്രി കുത്തിയ ആളുടെ ആൾക്കാർ വന്ന് ആ വ്യക്തിയെ ഭീഷണിപ്പെടുത്തി. നിസ്സഹായരായ കുട്ടിയുടേയും അമ്മയുടേയും കണ്ണീരിൽ വീണുപോയ ആ വ്യക്തി പിറ്റേദിവസം കോടതിയിൽ സത്യം പറഞ്ഞു. കുത്തിയ ആളെ പോലീസ് തടവിലാക്കി. സാക്ഷിയുടെ മനസ്സ് ശാന്തിയിലേക്കാഴ്ന്നു. ശാന്തിയിലേക്ക്.... ശാന്തിയിലേക്ക്...

-ശ്രീരഞ്ജിനി റ്റി. എസ്
ക്ലാസ് : 8

# പൂക്കളുടെ തൃക്കാക്കരയാത്ര

അത്തം വെളുക്കുമ്പോൾ കൊച്ചുതുമ്പ

തൃക്കാക്കരയിൽ പോയിടേണം!

ചിത്തിരിനാളിലങ്ങൊത്തുകൂടി

ചെത്തിയും മുല്ലയും ചെന്നിടേണം!

ചോതിക്ക് ചേലുള്ള ചെമ്പരത്തി

ചെമ്പട്ടുടുത്തങ്ങു പോയിടേണം!

വിശാഖമായെന്നാൽ ജമന്തിപോണം

അനിഴത്തിനരളിയും ചെന്നിടേണം!

തൃക്കേട്ടനാളിൽ ചെമ്പകവും

മൂലം വന്നെന്നാൽ മുക്കുറ്റിയും

പൂരാടമായാൽ കുളിച്ചു തോർത്തി

തിരിവെച്ചു കൃഷ്ണതുളസി പോണം!

ഉത്രാടനാളിലുണർന്നെണീറ്റ്

നന്ത്യാർവട്ടവും പോയിടേണം!

തിരുവോണം വന്നു പുലർന്നിടുമ്പോൾ

പൂവായ പൂവെല്ലാം ഒത്തുപോണം!

തൃക്കാക്കരയുള്ള തിരുവടിയിൽ

സാംഷ്ടാഗം വീണു നമിച്ചിടേണം!

-ലിജോമോൻ കെ. എസ്

ക്ലാസ്:9

# “വികസനം പരിസ്ഥിതി സൗഹൃദപരമാകണം ”

നാൽപ്പത്തിനാല് നദികളുള്ള നാട്. കാലവർഷവും തുലാവർഷവും സമൃദ്ധമായി അനുഗ്രഹിച്ചിരുന്ന നാട് ;നമ്മുടെ കൊച്ചുകേരളം. ഇപ്പോഴിതാ ഈ നാട് വരൾച്ചയുടെ പിടിയിലായിരിക്കുന്നു. കുന്നിടിച്ചും മലകൾ തുരന്നും തണ്ണീർത്തടങ്ങൾ നികത്തിയും പുഴകളിൽ നിന്ന് മണൽവാരിയും നാം സ്വയം വരുത്തിവച്ച ദുരന്തം.

പ്രകൃതിയിലെ സർവ്വചരാചരങ്ങളേയും ഉൾപ്പെടുന്ന ചങ്ങലയിലെ ഒരു കണ്ണി മാത്രമാണ് മനുഷ്യൻ.ചരാചരങ്ങളിൽ വിവേചനബുദ്ധിയുള്ള ഏകജീവിയാണ് മനുഷ്യൻ. അവൻ ലോകത്തെ, പ്രകൃതിയെ വെട്ടിപ്പിടിക്കാൻ ശ്രമിക്കുമ്പോഴാണ് പ്രകൃതിയുടെ താളം തെറ്റുന്നത്. തങ്ങൾക്കാവശ്യമുള്ളത് എടുക്കാവുന്ന, വിറ്റഴിക്കാവുന്ന വെറും മണ്ണായി മനുഷ്യൻ ഭൂമിയെ കാണുന്നു. സ്വാർത്ഥതയോടെ, ലാഭക്കൊതിയോടെ അവൻ പ്രവർത്തിച്ചു തുടങ്ങിയതോടെ പ്രകൃതിയിൽ നിന്ന് പല ജീവജീലങ്ങളും അപ്രത്യക്ഷമായി. പല പ്രകൃതിദുരന്തങ്ങൾക്കും കാരണം മനുഷ്യന്റെ വിവേകമില്ലാത്ത ചെയ്തികൾ തന്നെ. മറ്റു ജീവികളിൽ നിന്നു ഭിന്നമായി ജീവലോകത്തിലെ കളിയുടെ നിയമം തെറ്റിക്കുന്നത് മനുഷ്യൻ മാത്രമാണെന്ന് സംശയമില്ലാതെ പറയാം.

പ്രകൃതിയിലെ ഓരോ ജീവജാലവും ഇല്ലാതാവുമ്പോൾ നാം ഓർക്കണം നാളെ നമ്മെ കാത്തിരിക്കുന്നതും ഇതേ ദുരന്തമാണ്. ഗാന്ധിജി പറഞ്ഞതുപോലെ ഓരോ മനുഷ്യന്റേയും ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനുള്ളത് ഭൂമിയിലുണ്ട്. ആർത്തിയെ തൃപ്തിപ്പെടുത്താനുള്ളത് ഭൂമിയിലില്ല. ജീവലോകത്തിന്റെ നിലനിൽപ്പിനായി മനുഷ്യനും പ്രകൃതിയും രണ്ടല്ല ഒന്നാണ് എന്ന തിരിച്ചറിവിൽ നാം എത്തണം.

- ഭാവന. എസ്

ക്ലാസ് : 9

## സ്കൂൾ അസംബ്ലി



## സ്കൂൾ പത്രത്തിന്റെ പ്രകാശനം



### അധ്യാപക ദിനത്തിൽ കുട്ടികൾ തയാറാക്കിയ കാർഡുകൾ





# മഴ പാട്ട്

മഴയെന്ന് കേട്ടാൽ

മനം തുടിച്ചീടുന്നകാലമത്രയും

മാഞ്ഞു പോയി

മഴയെന്നു കേട്ടാൽ മനം

മടുത്തീടുന്ന ദാരുണ രൂപമെൻ

മുന്നിൽ വന്നു.

പ്രളയ ദുരതങ്ങൾ കേട്ടമട്ത്തോ-

രെൻന്നന്തരാത്മാവിൽ പറഞ്ഞുപോയി

ഇനിയോരു മഴ വന്നെൻ കൂട്ടുകാർ

ദുരിതത്തിൽ വീണു മരിക്കല്ലേ !

ഇനി മഴ വന്നു നശിക്കുവാനി-

ടമില്ല

മഴയെഞ്ഞാനിന്നുവേറുത്തുപോയി.

- അനഘ രാജേഷ്

ക്ലാസ്:5

# കുട്ടിത്തം

എൻ ഹൃദയ ഭിത്തി

തുളഞ്ഞു കയറുന്ന വേദനയോടെ

എൻ ബാല്യ കൗമാര

കാലങ്ങൾ ഓർത്തുഞാൻ

ഇന്നും നിണം കിനിയും ഓർമ്മകളെന്നിൽ

വിഷാദ സംഗീത ധ്വനിയുയർത്തി

വസന്തവും ശിശിരവും വർഷവും

വന്നതും പോയതും ഞാനറിഞ്ഞില്ല

എങ്കിലും കുട്ടിത്തം വിടാത്ത മനസ്സുമായ്

നിൽക്കുന്നു എൻ പുത്രനു മുമ്പിൽ

ഒരു വെറും കുട്ടിയായ്.

- ആരതി. എസ്

ക്ലാസ് : 9

# പരീക്ഷ

എന്നത്തേയും പോലെ ഏറെ വൈകിയാണ് ഇന്നും അവൾ കിടക്കയിലേക്ക് വീണത്. നിശബ്ദത തളംകെട്ടി കിടക്കുന്ന രാത്രി. ചീവീടുകൾ മാത്രം തങ്ങളുടെ സംസാരം തുടരുന്നു. ഇരുട്ടിന്റെ പുതപ്പിനും കനം കൂടുതലാണ്. പുസ്തകക്കെട്ടുകൾ മേശപ്പുറത്തും കസേരയിലും തികയാത്തതിനാൽ തറയിലും നിരത്തിയിട്ടുണ്ട്. സമയം പന്ത്രണ്ടു മണിയാകുന്നു, അർദ്ധരാത്രി. രണ്ടു മണിക്കുതന്നെ എഴുന്നേൽക്കണം. അലാറം ഓണാക്കി. ഇനി വെറും രണ്ടുമണിക്കൂർ മാത്രം ഉറക്കം. അവളുടെ ചിന്തയിൽ ഒരു എട്ടാം ക്ലാസ്സുകാരിക്ക് താങ്ങാവുന്നതിലും അധികം. മുറിയിലെ വെളിച്ചം കെടുത്തി അവൾ മിഴികൾ പൂട്ടി. ഇന്നെന്തോ ക്ഷീണം അവളെ അലട്ടുന്നില്ല. ഉറക്കത്തിന്റെ ചുരുങ്ങിയ യാമങ്ങൾ അവൾക്ക് സ്വാഗതമരുളുന്നില്ല. അവൾ ക്ലാസ്മുറിയെക്കുറിച്ചോർക്കാൻ ശ്രമിച്ചു. നാലു ചുമരുകളുടെ തടവറയിൽ പുസ്തകക്കുരുക്കിൽ ശ്വാസം മുട്ടി, ഇഴയുന്ന മണിക്കൂറുകൾ. അവളോർത്തു, ക്ലാസിൽ എത്ര കുട്ടികളുണ്ട്, അതവൾക്കറിയില്ല. അവളുടെ സുഹൃത്തുക്കളുടെ പേരെന്താണ്, അറിയില്ല. കാരണം, ക്ലാസിൽ ആരും അന്യോന്യം സംസാരിക്കാറില്ല; ഒന്നു ചിരിക്കാൻ പോലും ശ്രമിക്കാറില്ല. ക്ലാസിൽ കാലെടുത്തുവയ്ക്കുന്നതു മുതൽ വീട്ടിലേക്കു തിരിക്കുവാൻ സ്കൂൾ വാനിൽ കയറുന്നതുവരെ അധ്യാപകർ മാറി മാറി വരും, പഠിപ്പിക്കും. ചിട്ടകൾ, ശിക്ഷകൾ; വീട്ടിലും അവസ്ഥ മറ്റൊന്നല്ല. അലമാര നിറയെ സാമാനങ്ങൾ നിറയ്ക്കണമെന്നും പഠനത്തിൽ ഒന്നാമതാകണമെന്നും ശാഠ്യം പിടിക്കുന്ന രക്ഷിതാക്കൾ. ഒരു മിനിറ്റു പോലും കണ്ണടയ്ക്കാതെ പഠിച്ചിട്ടും ചതിക്കുന്ന

പരീക്ഷകൾ .ഓരോ കുട്ടികളും ശത്രുക്കളെപ്പോലെ പേനകൾ കൊണ്ട് യുദ്ധം ചെയ്യുന്നു. ചിന്തകളെ പാതിവഴിയിൽ ഉപേക്ഷിച്ച അവൾ ഉറക്കത്തിലേക്ക് വഴുതിവീഴാൻ തുടങ്ങിയതും അലാറം ശബ്ദിക്കാൻ ആരംഭിച്ചു. സമയം രണ്ടുമണി. വീണ്ടും പുസ്തകക്കൂരുക്കിലേക്ക്. സ്വാതന്ത്ര്യമില്ലായ്മയുടെ, ശത്രുതയുടെ മറ്റൊരു ദിവസത്തിലേക്ക് മനസ്സില്ലാ മനസ്സോടെ ഉറക്കത്തോടും നല്ല ബാല്യത്തോടും വിട പറഞ്ഞ് അവൾ പേനയുമായുള്ള യുദ്ധം തുടങ്ങി. സൂര്യൻ പോലും ഉറക്കത്തിലാണ്; പക്ഷേ അവൾ ശ്രദ്ധിച്ചു. ഓരോ വീട്ടിലും ഒരു മുറിയിൽ മാത്രം വെളിച്ചമുണ്ട്. സ്വാതന്ത്ര്യത്തിനു വേണ്ടി കൊതിക്കുന്ന തന്നെപ്പോലുള്ള, ഓരോ വീട്ടിലെയും നാലുകെട്ടിനുള്ളിൽ വീർപ്പുമുട്ടുന്ന കുട്ടികളെക്കുറിച്ചവൾ ഓർത്തു. ചിന്തകൾ പെട്ടെന്ന് ഒന്നിടറി; “അതെ, ക്രിസ്തുമസ് പരീക്ഷ ആരംഭിക്കുകയായി. വേവലാതിയുടെ നാളുകളുടെ ആരംഭം”!...

-പൂജ അനീഷ്

ക്ലാസ്: 7

# യാത്ര

യാത്ര എന്നും എനിക്കൊരു

നവ്യാനുഭവം,

എന്നിലെ കവയിത്രിയെ

ഉണർത്തും വസന്തം;

പേമാരി പോൽ വന്നെത്തു-

മെൻ അതിദുഃഖങ്ങളെയെല്ലാം

ഒറ്റ നിമിഷത്തിൽ

സന്തോഷക്കടലായി മാറ്റുന്ന യാത്ര.

ഞാനെന്നുമാഗ്രഹിക്കുന്നൊരു

യാത്ര പോകാൻ

ദുഃഖങ്ങളിൽ നിന്ന് മുക്തി നേടാൻ

ആ നേരം സന്തോഷം നിറഞ്ഞ

മനസ്സാകാൻ

യാത്ര എന്നുമെനിക്കൊരു

നവ്യാനുഭവം.

പുഞ്ചിരിയിൽ സഞ്ചരിക്കാൻ

ഞാനിഷ്ടപ്പെടുന്ന യാത്ര

എന്ന സഞ്ചാരത്തെ

കൗതുകമുണർത്തും

കാഴ്ചകൾ കാണാൻ!

-പാർവതി അശോക്

ക്ലാസ് : 8

PCRA PAINTING COMPETITION (നയൻ രാജ്)






ഹിരോഷിമ ദിനത്തിൽ

സംഗീത് വരച്ച ചിത്രം



അക്കാദിക്ക് മാസ്റ്റർ പ്ലാനിനുവേണ്ടി സംഗീത് വരച്ച ചിത്രം

# 15-ന്റെ മരണം

ഇരുണ്ടുമൂടിയ പ്രഭാതത്തെ വരവേറ്റുകൊണ്ടാണ് അവൾ കണ്ണുതുറന്നത്. എന്തോ, അവളുടെ ഹൃദയമിടിപ്പ് വളരെ കൂടുതലായിരുന്നു. മനസ്സ്, ആശങ്കയും പേടിയും കൊണ്ട് നിറഞ്ഞിരുന്നു. ഇന്ന് എസ്. എസ്. എൽ. സി പരീക്ഷയുടെ മാർക്കറിയും. അവൾ സ്കൂളിലേക്ക് പോകാൻ തിടുക്കപ്പെട്ട് ഒരുങ്ങി. അതിനിടയിൽ അവളുടെ ശ്രദ്ധ മേശപ്പുറത്തെ കത്തിലേക്ക് തിരിഞ്ഞു. അതവളുടെ പ്രിയക്കൂട്ടുകാരിയുടെ കത്താണ്; പൂർണ്ണിമയുടെ. പരീക്ഷയുടെ അവസാന ദിവസം അവൾ തന്നതാണ്. അന്ന് പൂർണ്ണിമ പറഞ്ഞ വാക്കുകൾ അവളുടെ മനസ്സിലൂടെ പല തവണ കടന്നുപോയി; “15-ന്റെ മരണത്തിന്റെ മാർക്കറിയുന്ന ദിവസം മാത്രം വായിക്കുക”. അവൾ അതനുസരിച്ചു. എങ്കിലും അവളുടെ പ്രിയ കൂട്ടുകാരിയുടെ വാക്കുകൾ അവളിൽ അസ്വസ്ഥതയുടെ വിത്തുകൾ പാകി. കത്ത് ഹാൻഡ്ബാഗിലിട്ടവൾ അമ്മയോടൊപ്പം പുറപ്പെട്ടു. സ്കൂളിലെത്തിയതും അവളുടെ മിഴികൾ പൂർണ്ണിമയെ തിരക്കിക്കൊണ്ടിരുന്നു. റിസൾട്ട് അറിയാൻ ഇനിയും കാത്തിരിക്കണം. പൂർണ്ണിമയൊഴികെ മറ്റെല്ലാ സഹപാഠികളും എത്തിക്കഴിഞ്ഞു.

പെട്ടെന്നാണ് ടീച്ചർ ആ വാർത്ത അറിയിച്ചത്. നിമിഷങ്ങൾക്കുള്ളിൽ അത് തീ പോലെ പടരുകയും ചെയ്തു;പൂർണ്ണിമ ആത്മഹത്യ ചെയ്തു. വിഷം കുടിച്ച് സ്വയം അവൾ മരണം വരിച്ചിരിക്കുന്നു. അവൾക്കു തന്റെ

കാതുകളെ വിശ്വസിക്കാനായില്ല. ക്ലാസ് മുറിയിലെ അവസാന ബെഞ്ചിൽ, പ്രിയ കൂട്ടുകാരിയുടെ ഇരിപ്പിടത്തിൽ അവൾ നിശ്ശബ്ദം തളർന്നിരുന്നു. ബാഗിൽ നിന്നും പൂർണ്ണിമ തന്ന കത്തെടുത്ത് വായിച്ചു. അതിൽ ഇങ്ങനെ എഴുതിയിരുന്നു:

"പ്രിയപ്പെട്ട അനാമിക,

15-ന്റെ മരണം എന്നെ ക്ഷണിച്ചിരിക്കുന്നു. പോകുന്നതിനു മുമ്പ് ഞാൻ നിന്നോടു മാത്രം യാത്ര പറയുന്നു. എസ്. എസ്. എൽ. സി പരീക്ഷയുടെ മാർക്കറിയാൻ ഞാൻ കാത്തുനിൽക്കുന്നില്ല. എനിക്ക് ഫുൾ എ പ്ലസ് കിട്ടില്ല. അതില്ലാതെ ജീവിക്കാൻ കഴിയില്ല. അച്ഛനും അമ്മയും എന്നെ വീട്ടിൽപോലും കയറ്റില്ലെന്നാണ് പറഞ്ഞത്.എന്റെ ആത്മാവിനെ ഞാൻ സ്വർഗത്തിലേക്ക് പറിച്ചുനടുന്നു.

പൂർണ്ണിമ"

അവൾ തരിച്ചുനിന്നു. ഈ മരണം പൂർണ്ണിമ കണ്ടുവച്ചിരുന്നു.

റിസൾട്ടറിഞ്ഞു ; സ്കൂളിൽ ഫുൾ എ പ്ലസ് കിട്ടിയ ഒരേയൊരാൾ, പൂർണ്ണിമ പ്രഭാകർ.

(15-ന്റെ മരണം- എസ്. എസ്. എൽ. സി പരീക്ഷ. കാരണം, പരീക്ഷയെഴുതുന്നവരുടെ പ്രായം 15. 15 വയസ്സുകാരുടെ അന്ത്യം കുറിക്കുന്നതിനാൽ 15-ന്റെ മരണം എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.)

-പൂജ അനീഷ്
ക്ലാസ് : 7

# മഴമുഴക്കി വേഴാമ്പൽ

ഒരു കിളിയായ് ഞാൻ പറന്നുയരും

ഒരു നാൾ എൻ ഭാസുരഭൂമിയിൽ

അന്നും നിൻ ഓർമ്മകളെന്നിൽ

തഴുകിനിൽക്കും; ഇളം കാറ്റുപോലെ

ചിറകുരുമി കഴിഞ്ഞകാലവും

വസന്ത സ്വർഗ്ഗമായ രമ്യവും

എൻ ചേതനയിൽ മുകുളമായ

നിൻ ജീവനും പ്രജ്ഞയും

തപസിരുന്നു ഞാൻ ആ സത്യത്തിൻ മിതെ

നിയോ, കാവലായ് എന്നും

വിധിതൻ മഴയിൽ ഒഴുകിപ്പോയ്

എന്നിലെ നിലാവും സ്വപ്നവും

ഇന്നും അലയുന്നു ഞാൻ

നിൻ പക്ഷ സ്പർശം തേടി

ഒരു മഴമുഴക്കി വേഴാമ്പലായ് വിണ്ടും.

-അരുന്ധതി. എസ്

ക്ലാസ് : 9

# പഴഞ്ചൊല്ലുകൾ

അണ്ണാൻ കുഞ്ഞിനെ
മരം കയറ്റം
പഠിപ്പിക്കേണ്ട

ആവശ്യക്കാരന് ഔചിത്യം
പാടില്ല

മെല്ലെ തിന്നാൽ പനയും തിന്നാം

ആട് കിടന്നിടത്തുപൂട
പോലും ഇല്ല

കാലത്തെ വിതച്ചാൽ
നേരത്തെ കൊയ്യാം

**ആനപ്പുറത്ത് ഇരുന്നാൽ**
**നായയെ പേടിക്കേണ്ട**

**കുംഭത്തിൽ നട്ടാൽ കുടത്തോളം**
**മീനത്തിലായാൽ മീൻകണ്ണിനോളം**

# കാർഷിക ക്ലബിന്റെ പ്രവർത്തനങ്ങൾ





# ശുചിത്വ ക്ലബ്





# ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്








# നന്ദിയുടെ കണ്ണുനീർ

സൂര്യന്റെ ഒളിമങ്ങിത്തുടങ്ങിയിരുന്നു. ഇന്നും പതിവുപോലെ അവൾ സ്കൂൾളിൽ നിന്ന് വീട്ടിലേക്ക് നടന്നുതുടങ്ങിരുന്നു. മരങ്ങൾ തണൽ വീഴ്ത്തിയ വഴിയിലൂടെ ഒരു ചെറു പുഞ്ചിരിയുമായി അവൾ നടന്നു. അവളുടെ കണ്ണുകളാൽ വഴിവക്കിലെ തലചായ്ച്ച ചെടികളും വിടർന്ന പൂവുകളും ഇലകളും തഴുകപ്പെട്ടു. ഭാരമുള്ള ബാഗും തുക്കി അവൾ വളരെ ക്ഷിണിതയായിരുന്നു. പക്ഷെ ആ ബാഗിനെ അവൾ വളരെയധികം ഇഷ്ടപ്പെട്ടിരുന്നു, അതിൽ ഒരു പൊടിപറ്റുക എന്നതുപോലും അവൾക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു, പലഹാരക്കടയിലെ മണം ആസ്വദിച്ച് അവൾ മുൻപോട്ടു നീങ്ങി. ബസ് ഹോൺമുഴക്കി.

ഭീമാകാരനായ സത്വത്തെപ്പോലെ അതിവേഗം അടുക്കുന്നു . പെട്ടെന്ന് അവളുടെ കണ്ണുകൾ ഒന്നിടറി. മനസ്സ് കുഴഞ്ഞു. അവൾ വിയർത്തു. ഒരു കുഞ്ഞ് കഷ്ടിച്ച് ഒരു വയസ്സ് മാത്രം പ്രയം കാണും. ആ കുഞ്ഞ് വഴിയിലേക്കിറങ്ങുന്നു. ബസ് അടുത്തെത്തിക്കഴിഞ്ഞു. അതിവേഗം പായുന്ന ബസിന്റെ ചക്രങ്ങളിൽ ആ കുഞ്ഞ് ജിവൻ ചതഞ്ഞരയാൻ പോകുന്നു. ഒരു നിമിഷം ;ജീവനേക്കാൾ വിലയുള്ള ബാഗവൾ താഴെയിട്ടു ഓടി. ആ കുഞ്ഞിനെ പൊക്കി വീട്ടുമുറ്റത്തേക്ക് പതിയെ വീഴ്ത്തിയ നിമിഷം ബസ് അവളെ ഇടിച്ച് അവളുടെ ശരീരത്തിനുമുകളിലൂടെ കടന്നുപ്പോയി. അവൾ ആ കുഞ്ഞിനുവേണ്ടി സ്വന്തം ജീവൻ ത്യജിക്കുന്ന ആ രണ്ടു മിനിറ്റ് ദൂരെ നിന്ന് ഒടിവന്ന കുഞ്ഞിന്റെ അമ്മയെ നിഷ്ചലയാക്കി. അവൾ തന്റെ കുഞ്ഞിനെ വാരിയെടുത്തു ബസ് നിർത്തി. അവളുടെ പാതിചതഞ്ഞ ശരീരത്തെ ആശുപത്രിയിലെത്തിച്ചു. പക്ഷെ എല്ലുക്കൾ

പൊടിഞ്ഞ് തലച്ചോറ് ചതഞ്ഞ് ആ നിമിഷം തന്നെ അവൾ മരിച്ചിരുന്നു. ആധീരതയ്ക്കു മുമ്പിൻ എല്ലാവരും കണ്ണീരോടെ നിന്നു .അവളുടെ ചുവന്ന ബാഗിനെ പുണർന്ന് കരയുന്ന രക്ഷിതാക്കളോട്ടു കരഞ്ഞുകൊണ്ട് ആ അമ്മ പറഞ്ഞു .നിങ്ങളുടെ മകളാണ് എന്റെ കുഞ്ഞിനെ രക്ഷിച്ചത്. അതിൽ അഭിമാനിക്കുക."എങ്കിലും എല്ലാവരുടെയും കണ്ണുകളിൽ ദുഃഖം തളം കെട്ടിനിൽക്കുന്നു. അവരുടെ കണ്ണുകളിൽ നിന്നൊഴുകിയ നന്ദിയുടെ കണ്ണീരുകൾ അവൾ കാണുന്നുണ്ടാകുമോ?...

**-പൂജാ അനീഷ്**

ക്ലാസ് : 7

# ചെറുകഥ

ഓർമ്മയുണ്ടോ ആ കാലം. ഒരു മഴയത്ത് ഞാനും നീയും വയൽ വരമ്പിൽ ഇരുന്നതും, ഞാൻ നിന്റെ ദേഹത്ത് വെള്ളം തെറിപ്പിച്ചതും ? അപ്പോൾ അതിലെ പോയ ഒരു അപ്പൂപ്പൻ എന്നോട് ചോദിച്ചു, മഴയത്താണോടാ പോത്തിനെ കുളിപ്പക്കുന്നത്...!എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ.

-ഏബൽ മാത്യൂ ജോസഫ്
ക്ലാസ്: 8

# സബ് ജില്ലാ കലോത്സവം







# ഇനിയുമൊരു ജന്മം

ഇനിയുമൊരു ജന്മം പുലരുമെന്നാകിൽ
ഞാനൊരു മേഘമായ് പിറന്നിരുന്നെങ്കിൽ
അനന്തമാം വാനിലെ വെൺതേരായ്സ്വയം
ദൂതുമായി അകലേമറഞ്ഞു രസിച്ചീടുവാൻ
ചക്രവാളസീമയെ തൊട്ടുവണങ്ങുവാൻ
ഭൂവിനെ ചുറ്റി ഗ്രഹിക്കുവാനായ്
ദാഹം  വലയ്ക്കും നാടിന്നൊരുകുടം
തണ്ണീർ തൂകി അനുഗ്രഹിക്കാൻ
പലരൂപധാരിയായ് സ്വയം
ബാലകരോടുന്നു രസിക്കുവാനായ്
സപ്തവർണ്ണങ്ങൾ വിതറിച്ചിരിക്കുമീ-
മാരിവില്ലിനിരിപ്പിടമാകുവാൻ
ഘോരമാം ശബ്ദം മുഴക്കിയീ-
ഭൂവിൻ കിടാങ്ങളെ ഭയപ്പെടുത്താൻ
മരണച്ചുഴിയിൽ കണ്ണീർപ്പൊയിക്കും
നദിസോദരിക്കു ജലം പകരാൻ
ഒരു കൊച്ചുപക്ഷിക്കുടുംബത്തിനായ് സ്വയം
തണ്ണീർ തൂകി മരം വളർത്താൻ
കരിമിഴിയുതളും മിഴികൾകണ്ടയായ്
ഭൂവിൽ നവനാകം സൃഷ്ടിച്ചെടുക്കുവാൻ
ധനുസ്സേന്തി ഉത്തുംഗപീഠത്തിൽനിന്നു-
മീ സഹജീവികൾക്കായി ധാരസൃഷ്ടിക്കുവാന്
ഇനിയുമൊരു ജന്മം പുലരുമെന്നാകിൽ
ഞാനൊരു മേഘമായ് പിറന്നിരുന്നെങ്കിൽ

-പൂജാ അനീഷ്
ക്ലാസ്:7

# FREE OPERATING SYSTEM

Even though computers were developed earlier, the operating system were designed later. When personal computers became popular, the computer world started thinking of an operating system which can be easily managed by a user. In 1980, Apple Co-operation came with world's first Graphical User Interface Operating system called Mac OS. Later Microsoft launched Windows operating system.

These operating system can be used only with the permission of the concerned companies and also restricted the freedom of the user in many ways. This led to the idea of a free operating system. In 1992, Richard Matthew Stallman of America collaborated with Linux Benetict Torlvalds of Finland developed and launched a free operating system called GNU/Linux. Now, various versions of GNU/Linux are available for us. Department of Education, Kerala State recognised the importance of the free software and declared GNU/Linux as the official operating system. Many Government department in the state are now switching over to the free software.

ANJUSHA ANIL
CLASS:8




ഗോവിന്ദ് പ്രതാപ്



# കൃഷിക്കാരനും മക്കളും

ഒരിക്കൽ ഒരിടത്ത് ധനികനായ ഒരു കൃഷിക്കാരൻ ജീവിച്ചിരുന്നു അയാൾക്ക് മൂന്ന് മക്കൾ ഉണ്ടായിരുന്നു.തനിക്കിനി അധികകാലമില്ലെന്ന് മനസ്സിലാക്കിയ കർഷകൻ തന്റെ മക്കളെ അടുത്തേക്ക് വിളിപ്പിച്ചു. എന്നിട്ട് കൃഷിക്കാരൻ പറഞ്ഞു. "മക്കളെ നമ്മുടെ പൂർവ്വീകർ മുതൽ കൈമാറിവന്ന ഭൂമിയാണിത് അതൊന്നും നിങ്ങൾ വിൽക്കരുത്. അതിലേതോ ഒരു സ്ഥലത്ത് നിധിയുണ്ട്. പക്ഷേ.....അത് എവിടെയാണെന്ന് എനിക്കറിയില്ല. തീർച്ചയായും അത് എവിടെയോ ഉണ്ട്. നിങ്ങൾ നിധി അന്വേഷിക്കുമ്പോൾ ഒരു കാര്യം ശ്രദ്ദിക്കണം. ഒരു സ്ഥലവും നശിപ്പിക്കരുത്." ഇത്രയും പറഞ്ഞ് കർഷകൻ മരിച്ചു. അധികം താമസിയാതെ മക്കൾ നിധിക്കായി പുറപ്പെട്ടു.എല്ലാവരും കൂടി വയലെല്ലാം കിളച്ചു നോക്കാൻ തീരുമാനിച്ചു. ഒരു സ്ഥലം പോലും വിടാതെ അവർ എല്ലായിടത്തും കിളച്ചു മറിച്ചു. അങ്ങനെ രണ്ടും മൂന്നും തവണ. വയലെല്ലാം കിളച്ചു മറിച്ചു. ഇത്രയേറെ അധ്വാനിച്ചിട്ടും അവർക്ക് ഒരു നിധിപോലും കണ്ടെടുക്കാൻ കഴിഞ്ഞില്ല. പിന്നീടവർ തങ്ങൾ അധ്വാനിച്ച കൃഷിസ്ഥലത്ത് ധാന്യങ്ങൾ വിതച്ചു. വിളവെടുപ്പ് കഴിഞ്ഞപ്പോൾ അവർക്ക് എല്ലാ കണക്കുകളും തീർത്തുകഴിഞ്ഞിട്ടും ലാഭം കിട്ടി. ആ നാട്ടിലാർക്കും കിട്ടാത്തത്ര പണമാണ് അവർക്ക് കിട്ടിയത്.അവർക്കപ്പോഴാണ് മനസ്സിലായത് ഞങ്ങളുടെ പിതാവ് പറഞ്ഞ നിധി എന്തായിരുന്നു എന്ന്.അധ്വാനത്തിന്റെ ഫലമാണ് അതിശക്തമായ വിളവ്. അവർക്ക് അവരുടെ കൃഷിയിടത്തുനിന്നും നിധി കിട്ടി.

-നയൻരാജ്

ക്ലാസ്സ്-8

# ദൈവത്തിന്റെ സഹായം

നിറയെ യാത്രക്കാരുമായി പറക്കുകയായിരുന്നു ഒരു റഷ്യൻ വിമാനം. ജെയിംസ്, വിൽഫ്രഡ് എന്നീ പൈലറ്റുമാരായിരുന്നു വിമാനം നിയന്ത്രിച്ചിരുന്നത്.

പെട്ടന്ന് വിമാനത്തിന്റെ ചില ഉപകരണങ്ങൾ തകരാറിലായി! പൈലറ്റുമാർ വിമാനത്താവളവുമായി ബന്ധപ്പെടാൻ ശ്രമിച്ചു. ഒരു ഞെട്ടലോടെ അവർ മനസ്സിലാക്കി- വിമാനത്തിലെ വാർത്താവിനിമയ ഉപകരണങ്ങളും പ്രവർത്തിക്കുന്നില്ല...!

വിമാനം ആടിയുലഞ്ഞു. യാത്രക്കാർ പേടിച്ചു കരയാൻ തുടങ്ങി.

'' ഇനി നമ്മളെ രക്ഷിക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ. ഞാൻ പ്രാർഥിക്കാൻ തുടങ്ങി ''.പൈലറ്റ് വിൽഫ്രഡ് പ്രാർത്തിക്കാൻ തുടങ്ങി ജെയിംസാകട്ടെ ,വിമാനത്തിന്റെ തകരാർ പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഏറെനേരത്തെ പരിശ്രമത്തിനൊടുവിൽ ജെയിംസ് വിമാനം ദിശമാറ്റി പറത്തി അടുത്തുള്ള വിമാനത്താവളത്തിനു മുകളിൽ എത്തിച്ചു. അപ്പോഴേക്കും ഭാഗ്യത്തിന് ചില വാർത്താവിനിമയ ഉപകരണങ്ങൾ പ്രവർത്തിച്ചു തുടങ്ങി.

''അടിയന്തിരമായി വിമാനം ഇറക്കാനുള്ള സൗകര്യം ചെയ്തുതരണം.'' ജെയിംസ് സന്ദേശം നൽകി.

അങ്ങനെ വിമാനം സുരക്ഷിതമായി ഇറങ്ങി. ''ഹാവൂ, എന്റെ പ്രാർഥന ദൈവം കേട്ടു.''വിൽഫ്രഡ് പറഞ്ഞു.

''ക്ഷമിക്കു സുഹൃത്തേ, നിങ്ങളുടെ പ്രാർത്തനയല്ല, എന്റെ പരിശ്രമമാണ് ദൈവം അംഗീകരിച്ചത്, എന്നാണെന്റെ വിശ്വാസം. അപകടം വരുമ്പോൾ വെറുതെ പ്രാർത്തിച്ചതുകൊണ്ടുമാത്രം കാര്യമില്ല. ബുദ്ധിപൂർവ്വം ജാഗ്രതയോടെ പ്രാർത്തിച്ചാൽ മാത്രമേ ദൈവം സഹായിക്കു.''

ജെയിംസിന്റെ വാക്കുകൾ വിൽഫ്രഡ് തലതാഴ്ത്തി കേട്ടുനിന്നു.

-ഭാവന.എസ്

ക്ലാസ്സ്-9

# കോടമഞ്ഞിന്റെ നാട്ടിലേക്ക്

സ്കൂളിൽ നിന്ന് ഒന്നരയോടെ വണ്ടിയിൽ കയറി യാത്ര തുടങ്ങി. വണ്ടിയിലെ ജനാലകളിൽ കൂടി പറന്നെത്തുന്ന കാറ്റ് ആസ്വദിച്ച് കുറേ നേരം ഇരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ വണ്ടി നിർത്തി. ഞങ്ങൾ എത്തിയത് പരുന്തുംപാറയിലാണ്. അവിടെ മുഴുവൻ പാറകളായിരുന്നു. നല്ല ശാന്തമായ സ്ഥലം. കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ സ്ഥലങ്ങൾ കൂടിച്ചേരുന്നതാണ് പരുന്തുംപാറ.അവിടെ പരുന്തിന്റെ രൂപത്തിൽ ഒരു പാറയുണ്ടായിരുന്നു. കുറച്ച് നേരം അവിടെ ചിലവഴിച്ചതിനുശേഷം ഞങ്ങൾ വീണ്ടും  യാത്ര തുടർന്നു. ഒന്നരയോടെ ഞങ്ങൾ കൊടൈക്കനാലിൽ എത്തി. അവിടെ ഓരോ മുറിയിലും 3,4 ഒക്കെ ആളുകൾ വീതം കിടന്നു. നല്ല തണുപ്പായിരുന്നു. ഒരു പുതപ്പിൽ ഒതുക്കാൻ കഴിഞ്ഞില്ല.

രാവിലെ 7:00 മണിയോടേ എല്ലാവരും എഴുന്നേറ്റു. കൊടൈക്കനാലിലെ ആദ്യത്തെ വ്യൂപോയ്ന്റിൽ ആയിരുന്നു. അവിടെ നിറയെ ആളുകൾ ഉണ്ടായിരിന്നു. അതോടൊപ്പം കുരങ്ങൻമാരും.ശേഷം പൈൻ മരക്കാട്ടുകളിലേക്കായിരുന്നു. നിറയെ പൈൻ മരങ്ങൾ, അതിൽ ചാടിക്കളിക്കുന്ന കുരങ്ങൻമാർ. ഭക്ഷണസാധനങ്ങൾ കണ്ടാൽ കുരങ്ങൻമാർ ഒന്നും നോക്കില്ല. ചാടി,തട്ടിപ്പറിച്ച് കൊണ്ടുപോകും. കാടിന്റെ ഇടനാഴികളിലൂടെ കളിച്ചും ചിരിച്ചും കുറേ നേരം നടന്നു.സൂയിസൈഡ് പോയിന്റ് പോലുള്ള സ്ഥലങ്ങൾ ആസ്വദിച്ചതിന് ശേഷം ഞങ്ങൾ റൂമിലേക്ക് പോയി. അവിടെ അപ്പോൾ ക്യാംമ്പ് ഫയറിന് ഉള്ള തയ്യാറെടുപ്പായിരുന്നു. നല്ല തണുത്തുമരക്കുന്ന തണുപ്പിൽ ഫയറിന്റെ ചൂടത്ത് ഞങ്ങൾ ക്യാമ്പ് ചെയ്ത് രസിച്ചു. അതിനുശേഷം ഭക്ഷണം കഴിഞ്ഞ് ഞങ്ങൾ അവിടുന്ന് തിരിച്ചു. വണ്ടിയിലെ ജനാലകളിലൂടെ തണുത്തകാറ്റിനൊപ്പം കണ്ടകാഴ്ചകളും സ്ഥലങ്ങും മിന്നിമറിഞ്ഞു,. വെളുപ്പിനെ 5:00 യോടെ ഞങ്ങൾ വീട്ടിൽ എത്തി. നല്ല നല്ല ഓർമ്മകളാണ് ഈ രണ്ടുദിവസം ഞങ്ങൾക്ക് നൽകിയത്.

നയൻരാജ്

ക്ലാസ്സ്:8

## കുടമാളൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ ശതോത്തര സുവർണജൂബിലി

## (ഓർമ്മച്ചെപ്പ്)







## **എഡിറ്റർ**

ഭാവന.S

## **ഡിസൈനർ** & **ഇല്ലസ്ട്രേഷൻ**

Smt. രതീദേവി. M. P, Smt. ഗീത.K. G ( KITE Masters )

## **മുഖചിത്രം**

സംഗീത് പ്രതീപ്

## **പ്രിന്റിംഗ്**

അനുഷ പ്രകാശ്, അഞ്ജുഷ അനിൽ

# മാഗസിൻ സമിതി അംഗങ്ങൾ

1. ആരതി. എസ്
2. അഭിരാമി. എ. നായർ
3. അജീന പ്രസാദ്
4. അനുഷ പ്രകാശ്
5. അരുന്ധതി. എസ്
6. ആതിര ദിലീപ്
7. ഭാവന. എസ്
8. അഭിഷേക് രതീഷ്
9. അജയ് ജയറാം
10. അർജുൻ ബാബു
11. ഗോവിന്ദ് പ്രതാപ്
12. ഹാരിസ് ഹുസൈൻ
13. ഐബിൻ മത്തായി സി. ഒ
14. കണ്ണൻ കെ. എസ്
15. ലിജോമോൻ കെ. എസ്
16. മണികണ്ഠൻ എം. യു
17. പാർത്ഥസാരഥി. വി. ബി
18. രോഹിത്. ജെ
19. ശിവദ് സജീവ്
20. സോനു സണ്ണി
21. ടിസൺ മാത്യു
22. വിഷ്ണു. എം